File No.CDN1/40/2021-GAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ്- 2022 വർഷത്തെ തൈപ്പൊങ്കൽ അവധി 15 ജനുവരിയിൽ നിന്നും 14 ജനുവരിയിലേക്കു മാറ്റി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(സാധാ) നം.169/2022/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 13/01/2022

---

പരാമർശം:-
1. 2022 വർഷത്തെ സർക്കാർ കലണ്ടർ.
2. തമിഴ് പ്രൊട്ടക്ഷൻ കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 22.12.2021 തീയതിയിലെ അപേക്ഷ.

<u>ഉത്തരവ്</u>

2022 വർഷത്തെ സർക്കാർ കലണ്ടറിൽ തൈപ്പൊങ്കൽ പ്രമാണിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക് 15.01.2022 തീയതി (ശനിയാഴ്ച) പ്രാദേശിക അവധി രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത അവധി 14.01.2022 (വെള്ളിയാഴ്ച) തീയതിയിലേക്ക് മാറ്റണമെന്ന് തമിഴ് പ്രൊട്ടക്ഷൻ കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി പരാമർശിത കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രണ്ടാം പരാമർശിത കത്തിലെ ആവശ്യം പരിഗണിച്ചും തമിഴ്നാട്, കേന്ദ്രസർക്കാരുകളുടെ കലണ്ടറുകളിലെ അവധിയുമായി സമന്വയിപ്പിച്ചു കൊണ്ടും തൈപ്പൊങ്കൽ പ്രമാണിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക്, 2022 വർഷത്തെ കേരള സർക്കാർ കലണ്ടറിൽ രേഖപ്പെടുത്തിയിരുന്ന, 15.01.2022 (ശനിയാഴ്ച) തീയതിയിലെ പ്രാദേശിക അവധി 14.01.2022 (വെള്ളിയാഴ്ച) തീയതിയിലേക്ക് മാറ്റി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. 15.01.2022 (ശനിയാഴ്ച) പ്രവർത്തിദിവസം ആയിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മേരി ലാലി.സി.വൈ
ജോയിന്റ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
ബഹു. ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, ഔദ്യോഗിക ഭാഷ (ലെജിസ്ലേറ്റീവ്) കമ്മീഷൻ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
ജില്ലാ കളക്ടർ, പത്തനംതിട്ട

Scanned with CamScanner

**File No.CDN1/40/2021-GAD**

ജില്ലാ കളക്ടർ, ഇടുക്കി

ജില്ലാ കളക്ടർ, പാലക്കാട്

ജില്ലാ കളക്ടർ, വയനാട്

സെക്രട്ടറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

ഐ & പി.ആർ.ഡി (മാധ്യമങ്ങൾ മുഖേന പ്രചാരം നൽകുന്നതിന്)

വെബ് & ന്യൂ മീഡിയ, ഐ & പി. ആർ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Rajesh U R
Date: 13-01-2022 13:16:35
Reason: Approved

Scanned with CamScanner